# ഫാമിലി കോൺഫറൻസ്: ടൈംടേബിൾ തയ്യാറായി

**ജോർജ് തുമ്പയിൽ**

ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിലെ പരിപാടികളുടെ സമയക്രമങ്ങൾ തയ്യാറായി. ജൂലൈ 15 ബുധൻ മുതൽ 18 ശനി വരെ അപ്സ്റ്റേറ്റ് ന്യൂയോർക്കിലുള്ള ഓണേഴ്സ് ഹേവൻ റിസോർട്ടിലാണ് കോൺഫറൻസ്. ജൂലൈ 15, ബുധൻ വൈകിട്ട് മൂന്നിനാണ് കോൺഫറൻസ് ചെക്ക് ഇൻ തുടങ്ങുന്നത്. 6 മണിക്ക് ഘോഷയാത്ര തുടങ്ങും. വൈകിട്ട് 7.30–ന് അറ്റലാന്റിക്ക് കോൺഫറൻസ് ഹാളിൽ തീയേറ്റർ സ്റ്റൈലിൽ സെറ്റ് ചെയ്ത ഇരിപ്പിടങ്ങളിൽ പ്രാർത്ഥനയോടെ പരിപാടികൾക്ക് തുടക്കം. തുടർന്ന് കോൺഫറൻസ് സുവനീർ റിലീസ്. രാത്രി 10–ന് എംജിഒസിഎസ്എം ബോൺഫയർ ക്യാംപ് ഫയർ. രാത്രി 11–ന് ആദ്യദിന പരിപാടികൾക്ക് സമാപനം.

രണ്ടാം ദിനമായ ജൂലൈ 16 വ്യാഴാഴ്ച രാവിലെ 6.15–ന് പ്രാർത്ഥനയോടെ ദിനാരംഭം. 7.30–ന് ഡിവോഷണൽ അഡ്രസ്സ്. തുടർന്ന് ഗായകസംഘം ഗാനങ്ങൾ ആലപിക്കും. പ്രഭാതഭക്ഷണത്തിനു ശേഷം 8.45–ന് ക്വയർ. ഒമ്പതിന് പസഫിക്ക് കോൺഫറൻസ് ഹാളിൽ വെരി.റവ. ഫിലിപ്പ് തോമസ് കോർ എപ്പിസ്കോപ്പ മുതിർന്നവർക്കായി പ്രസംഗം നടത്തും. മലേഷ്യയിലെ കുലാലമ്പൂർ സെന്റ് മേരീസ് കത്തീഡ്രൽ വികാരിയാണ് അദ്ദേഹം. അതേ സമയത്ത് തന്നെ എംജിഒസിഎസ്എമ്മിനു വേണ്ടി അത്‌ലാന്റിക്ക് ഹാളിൽ ഫാ. അജു ഫിലിപ്പ് മാത്യു പ്രഭാഷണം നടത്തുന്നുണ്ട്. ന്യൂയോർക്ക് വെസ്റ്റ് സേയ്‌വിൽ സെന്റ് മേരീസ് ഓർത്തഡോക്സ ദേവാലയത്തിലെ അസിസ്റ്റന്റ് വികാരിയും നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ എംജിഒസിഎസ്എം വൈസ് പ്രസിഡന്റുമാണ് ഫാ. അജു ഫിലിപ്പ്. സൺഡേ സ്കൂൾ കുട്ടികൾക്ക് വേണ്ടി ഫാ. എബി ജോർജ് നേതൃത്വം നൽകും. ന്യയോർക്ക് ലെവിറ്റൗൺ സെന്റ് തോമസ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിലെ അസിസ്റ്റന്റ് വികാരിയും ഭദ്രാസന മെത്രാപ്പോലീത്തയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുമാണ് ഫാ. എബി ജോർജ്. തുടർന്ന് എല്ലാ വിഭാഗക്കാർക്കും വേണ്ടി ഗ്രൂപ്പ് ഡിസ്ക്ഷൻ നടത്തും. 12 മണിക്ക് മധ്യാഹ്ന പ്രാർത്ഥന. തുടർന്ന് ഉച്ചഭക്ഷണം.

ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് വിവിധ വിഷയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സൂപ്പർസെഷനുകൾ ആരംഭിക്കും. ദേവാലയങ്ങൾക്ക് വേണ്ടിയുള്ള ഫണ്ട് ശേഖരണത്തെക്കുറിച്ച് ജോൺ കോണ്ടൺ, പസഫിക്ക് കോൺഫറൻസ് ഹാളിൽ സംസാരിക്കും. ദി 8 ടോൺസ് ഓഫ് ദി ചർച്ച് എന്ന വിഷയത്തിൽ സമ്മിറ്റ് രണ്ടിലും ജീവിതതീരുമാനങ്ങളുടെ അവസാനം എന്ന വിഷയത്തിൽ അത്‌ലാന്റിക്ക് കോൺഫറൻസ് ഹാളിൽ റവ. ഡോ. വർഗീസ് ഡാനിയലും സംസാരിക്കും.

3.30–ന് ഇൻഡോർ ടെന്നീസ് കോർട്ടിലും ക്യാമ്പ് ഫയർ ഏരിയയിലുമായി സ്പോർട്സ് മത്സരങ്ങൾ നടക്കും. വൈകിട്ട് ആറു മണിക്ക് ഡിന്നർ. തുടർന്ന് ഗായകസംഘം ഗാനങ്ങൾ ആലപിക്കും. ഏഴു മണിക്ക് അത്‌ലാന്റിക്ക് ഹാളിൽ സന്ധ്യാപ്രാർത്ഥന. 7.30–ന് അത്‌ലാന്റിക്കിൽ ഡിവോഷണൽ അഡ്രസ്. രാത്രി എട്ടു മുതൽ വെറൈറ്റി എന്റർടെയ്ൻമെന്റ്സ്.

ജൂലൈ 17 വെള്ളിയാഴ്ച രാവിലെ ഏഴു മണിക്ക് പസഫിക്ക് ഹാളിൽ മലയാളത്തിലും അത്‌ലാന്റിക്ക് ഹാളിൽ ഇംഗ്ലീഷിലും പ്രഭാതപ്രാർത്ഥന. 7.45–ന് ഗായകസംഘം ഗാനങ്ങൾ ആലപിക്കും.. തുടർന്നു പ്രഭാതഭക്ഷണം. ഉപവാസം അനുഷ്ഠിക്കുന്നവർക്കായി റവ. ഫാ. എം.കെ കുര്യാക്കോസിന്റെ നേതൃത്വത്തിൽ ധ്യാനം. ഒമ്പതിന് മുതിർന്നവർക്ക് വേണ്ടി പസഫിക്ക് ഹാളിൽ വെരി. റവ. ഫിലിപ്പ് തോമസ് കോർ എപ്പിസ്ക്കോപ്പയുടെ പ്രസംഗപരമ്പരയുടെ രണ്ടാം ഭാഗം. എം.ജി.ഒ.സി.എസ്.എമ്മിനു വേണ്ടി അത്‌ലാന്റിക്ക് ഹാളിൽ ഫാ. എബി ജോർജ് പ്രസംഗിക്കും. കുട്ടികൾക്ക് വേണ്ടി 2.3.4 സമ്മിറ്റുകളിൽ ഫാ. അജു ഫിലിപ്പ് മാത്യുവിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ. 11.45–ന് മധ്യാഹ്നപ്രാർത്ഥന. തുടർന്ന് ഫോട്ടോ സെഷൻ. ഭക്ഷണത്തിനും വിശ്രമത്തിനും ശേഷം രണ്ടു മണിയോടു കൂടി സൂപ്പർ സെഷൻ രണ്ടാം ഘട്ടം ആരംഭിക്കും. പസഫിക്ക് ഹാളിൽ ഭദ്രാസനങ്ങളുടെ ഭാവി എന്ന വിഷയത്തിൽ സുനിൽ കുര്യൻ സംസാരിക്കും. മലങ്കരസഭയുടെ ചരിത്രത്തെ സംബന്ധിച്ച് സമ്മിറ്റ് രണ്ടിൽ റവ.ഫാ.എം.കെ കുര്യാക്കോസ് സംസാരിക്കും. മൂന്നിന് പസഫിക്ക് ഹാളിൽ പ്ലീനറി സെഷനാണ്. വൈകുന്നേരം നാലു മണിക്ക് ക്ലർജി അസോസിയേഷൻ സമ്മിറ്റ് രണ്ടിൽ ചേരും. അത്താഴത്തിനു ശേഷം സന്ധ്യാ പ്രാർത്ഥന, ക്വയർ എന്നിവ നടക്കും. തുടർന്ന് 7.45–ന് മുതിർന്നവർ, ഫോക്കസ്, എംജിഒസിഎസ്എം, ചിൽഡ്രൻ വിഭാഗത്തിൽ ധ്യാനയോഗങ്ങൾ വിവിധ ഹാളുകളിലായി നടക്കും. 8.30–ന് കുമ്പസാരം. തുടർന്ന് കുട്ടികൾക്ക് വേണ്ടിയുള്ള ക്രൈസ്തവഗാനാലാപനം സമ്മിറ്റ് രണ്ടിൽ നടക്കും.

സമാപന ദിവസമായ ജൂലൈ 19–ന് ശനിയാഴ്ച രാവിലെ വിശുദ്ധ കുർബാന അത്‌ലാന്റിക്ക് ഹാളിൽ രാവിലെ ഏഴിന് നടക്കും. 9–ന് സമാപന സമ്മേളനം. 10–ന് ബ്രഞ്ച്. 11.30–ന് ചെക്ക് ഔട്ട്.